(എ) ഈ മന്ത്രിസഭ നിലവിൽവന്ന് ആദ്യ നൂറു ദിവസത്തിനുള്ളിൽ ഗവൺമെന്റ് ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തു;

(ബി) ഈ ഒഴിവുകളിലേക്കെല്ലാം നിയമനം നടത്തുവാൻ ആവശ്യമായത്ര ആളുകളുടെ പേരുകൾ പി. എസ്. സി. പ്രസിദ്ധീകരിച്ച റാങ്ക്‌ലിസ്റ്റിലുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

3-ാം ഗ്രേഡ് ഓവർസീയർ നിയമനം

19 [19] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്-ഇറിഗേഷൻ വകുപ്പുകൾക്ക് വേണ്ടി പി. എസ്. സി. തയ്യാറാക്കി 2001 ജൂലൈ 27-ന് പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസീയർ തസ്തികയിലേക്കുള്ള റാങ്ക്‌ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) നിയമന ഉത്തരവ് നൽകിയിട്ടും ജോയിൻ ചെയ്യാത്ത ഒഴിവുകളിലേക്ക് (എൻ. ജെ. ഡി.) വീണ്ടും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ റാങ്ക്‌ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ 540 പേർക്കും ജലസേചന വകുപ്പിൽ 446 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ദിവസക്കൂലി നിയമനങ്ങൾക്കെതിരെ നടപടി

20 [20] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്;

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് ക്ലാസ് ഫോർ തസ്തികയിൽ പി. എസ്. സി. വഴി നിയമനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന സർക്കാരിനുകീഴിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള എത്ര ഓഫീസുകളിൽ നിലവിൽ ക്ലാസ് ഫോർ തസ്തിക ഒഴിഞ്ഞുകിടക്കുകയും അവിടങ്ങളിൽ ദിവസക്കൂലിക്ക് വ്യക്തികളെ നിയമിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നടത്താതെ ചില ഓഫീസ് മേധാവികൾ തങ്ങൾക്കിഷ്ടമുള്ളവരെ ദിവസക്കൂലിയിൽ നിയമിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ

21 [21] ഡോ. എം. എ. കുട്ടപ്പൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. എ. ചന്ദ്രൻ:

,, വി. ജെ. പൊലോസ്:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. തയ്യാറാക്കുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക്‌ലിസ്റ്റിന്റെ കാലാവധി 2000 ഡിസംബർ 31 വരെ എത്രയായിരുന്നു; ഇപ്പോൾ അതിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) പി. എസ്. സി. തയ്യാറാക്കുന്ന റാങ്ക്‌ലിസ്റ്റിന്റെ കാലാവധി നിർണ്ണയിക്കുന്നതിൽ ഗവൺമെന്റിന്റെ അഭിപ്രായത്തിന് പ്രസക്തിയുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കുമോ;

(സി) ഇപ്പോൾ വിവിധ ജില്ലകളിൽ എൽ. ഡി. സി.-യായി നിയമിക്കപ്പെടുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) ഇതിനു മുമ്പ് അപേക്ഷ ക്ഷണിച്ചപ്പോൾ ഓരോ ജില്ലയിലും എത്ര അപേക്ഷകൾ വീതമുണ്ടായിരുന്നു എന്നു കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(ഇ) ഈ അപേക്ഷകരുടെ റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുന്നതിന് പി. എസ്. സി. ഓഫീസിലുള്ളവരുടെ പ്രതിഫലം, ചോദ്യപേപ്പർ അച്ചടിച്ചു തയ്യാറാക്കിയതിനുള്ള ചെലവ്, സൂപ്പർവിഷൻ ചാർജ്, പോസ്റ്റൽ ചാർജ്, ടി. എ., ഡി. എ., വാഹനം ഓടിച്ചതിലുള്ള ചെലവുകൾ എന്നീയിനത്തിൽ ഒട്ടാകെ എന്തുതുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly